# അക്കാദമിക് മാസ്റ്റർ പ്ലാൻ മാർഗ്ഗരേഖ




## പ്രയാണം 2025-26

**പി.എസ്.എൻ,എം യു.പി.എസ്**

**വെളിയന്നൂർ പി.ഒ വെള്ളനാട്, തിരുവനന്തപുരം-695543**

# പി.എസ്.എൻ.എം.യു.പി.എസ്

## വെളിയന്നൂർ

# പ്രയാണം 2025-26

(പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം)

## അക്കാദമിക മാസ്റ്റർ പ്ലാൻ മാർഗ്ഗരേഖ

# ആമുഖം

"പൂർണ്ണമായ വിദ്യാഭ്യാസം വിദ്യാർത്ഥിയുടെ ശരീരത്തിന്റെ ആരോഗ്യവും ബലവും കാത്തുസൂക്ഷിക്കേണ്ടതും അവന്റെ മാനസികവും പേശീശക്തിയുള്ളതുമായ അധികാരങ്ങൾ നൽകികൊണ്ട്, ബോധവത്കരണത്തിന്റെ വേഗതയും മൂർച്ചയും വർദ്ധിപ്പിക്കുകയും അവനിൽ വേഗവും കൃത്യമായ ഒരു ന്യായവിധിയും ഉണ്ടാക്കുകയും എല്ലാ സത്യസന്ധതകളേയും അവന്റെ എല്ലാ കർത്താക്കൾക്കും മനഃപൂർവ്വവും ദൃഢവുമായ ഭക്തിയിൽ അവനെ ധൈര്യത്തോടെ ആക്കിതീർക്കുന്നു."

-തോമസ് ഹിൽ

വിദ്യാഭ്യാസത്തിന്റെ പ്രധാന്യത്തെ സമഗ്രമായി വിളിച്ചോതുന്ന തോമസ് ഹില്ലിന്റെ വാക്കുകൾ ഹൃദയത്തോടു ചേർത്തു വച്ചുള്ള പ്രവർത്തനങ്ങളാണ് പി.എസ്.എൻ.എം.യു.പി.എസ് ഏറ്റെടുക്കുന്നത്. കാലത്തോടൊപ്പം സഞ്ചരിക്കുന്ന മനുഷ്യൻ ജീവിതയാത്രയിൽ അറിവും അനുഭവങ്ങളും സ്വായത്തമാക്കുന്നു. അജ്ഞതയാകുന്ന അന്ധകാരം അകറ്റി നിരാലംബരും നിർദ്ധനരും പാർശ്വവൽക്കരിക്കപ്പെടുന്നവരുമായ സാധാരണ മനുഷ്യന് അറിവിന്റെ വെള്ളി വെളിച്ചം പകർന്നു നൽകിയതിൽ പൊതുവിദ്യാലയങ്ങൾ വഹിച്ച പങ്ക് നിസ്തുലമാണ്. വരേണ്യവർഗ്ഗത്തിന്റെ കൈപ്പിടിയിൽ മാത്രമായിരുന്ന അറിവിനെ അധഃസ്ഥിതരുടെ പടവാളാക്കി മാറ്റിയ വിദ്യാലയങ്ങൾ വിദ്യാഭ്യാസം സാർവത്രികമാക്കി. സാമൂഹീക പരിഷ്ക്കർത്താവും സ്വാതന്ത്ര്യസമര


സേനാനിയും പാർലമെന്റ് അംഗവും തിരുകൊച്ചി മന്ത്രിസഭയിലെ മന്ത്രിയുമായിരുന്ന പി. എസ് നടരാജപിള്ളയുടെ നാമധേയത്തിലുള്ള വെളിയന്നൂർ പി.എസ്.എൻ,എം.യു.പി. സ്കൂൾ ഈ ഗ്രാമത്തിന്റെ അക്ഷരവിളക്കായി തെളിമയോടെ തിളങ്ങി നിൽക്കുന്നു. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി മുൻ രാജ്യസഭാംഗം ശ്രീ. എ.കെ ആന്റണിയുടെ വികസനഫണ്ട് ഉപയോഗിച്ചുള്ള ബഹുനില കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു. ഇവിടെ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്കു മാത്രമാണ് ഇന്ന് ഈ വിദ്യാലയം പ്രയോജനപ്പെടുന്നത്. എന്നാൽ സമൂഹത്തിലെ ഓരോ വ്യക്തിക്കും അറിവും നെറിവും നേടാനുള്ള സാഹചര്യമുള്ള വിദ്യാലയമാണ് ഞങ്ങളുടെ ലക്ഷ്യം.

- വിദ്യാലയത്തിനെ ഒരു സാമൂഹിക സാംസ്കാരിക പഠനകേന്ദ്രമാക്കി മാറ്റുക
- 50-ന്റെ നിറവിലേക്കെത്തുന്ന 2026-ൽ വിദ്യാർത്ഥികളുടെ എണ്ണം 196-ൽ നിന്നും 500 ആക്കി ഉയർത്തുക
- കലാകായിക മേഖലയിൽ മികവു പുലർത്തുന്ന വിദ്യാർത്ഥികളെ വാർത്തെടുക്കുക

- പഠനത്തോടൊപ്പം സാമൂഹ്യ ബോധവും മാനവികതയുമുള്ള ഒരു തലമുറയെ സൃഷ്ടിക്കുന്നതിനുള്ള വിവിധ പാഠ്യേതര പ്രവർത്തനങ്ങൾ തയ്യാറാക്കി നടപ്പിലാക്കുക

ഈ ലക്ഷ്യങ്ങൾക്ക് ഊന്നൽ നൽകി ***'പ്രയാണം'2026*** എന്ന പേരിൽ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു.

# വിദ്യാലയചരിത്രം



1976 ജൂൺ ഒന്നാം തീയതിയിലാണ് സ്കൂളിന്റെ പ്രവർത്തനം ആരംഭിച്ചത്.സ്വാതന്ത്ര്യസമര സേനാനികളിൽ പ്രമുഖനും തിരുവിതാംകൂർ മന്ത്രിസഭയിലെ മികച്ച ധനകാര്യമന്ത്രിയും പ്രഗത്ഭനും എം.പിയും ആയിരുന്ന ശ്രീമാൻ പി.എസ് നടരാജപിള്ളയുടെ സ്മാരകമായാണ് ഈ സ്കൂൾ പ്രവർത്തനം തുടങ്ങിയത്. പി എസ് നടരാജപിള്ള മെമ്മോറിയൽ കൾച്ചറൽ ആന്റ് ചാരിറ്റബിൾ സൊസൈറ്റിയുടെ കീഴിലുള്ള ഏക വിദ്യാഭ്യാസ സ്ഥാപനമാണിത്.

കഴിഞ്ഞ 47 വർഷങ്ങളായി സ്കൂളിന്റെ പ്രവർത്തനം നല്ല രീതിയിൽ നടക്കുന്നു. 3 ഏക്കർ സ്ഥലവും ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള ഭൗതിക സാഹചര്യങ്ങളും ഇപ്പോൾ നിലവിലുണ്ട്.

| | | |
|---|---|---|
| ആദ്യത്തെ പ്രധാന അധ്യാപകൻ | : | എസ്.എൻ മാതേവൻപിള്ള |
| ആദ്യത്തെ വിദ്യാർത്ഥിനി | : | സി എസ് കലിന്ദകുമാരി |
| ആദ്യത്തെ അഡ്മിഷൻ | : | 10.06.1976 അഡ്.നം- 1 |

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | പി എസ് എൻ യു പി എസ് വെളിയന്നൂർ |
| വിലാസം | : | വെളിയന്നൂർ പി ഒ വെള്ളനാട് 695543 |
| ഇ മെയിൽ | : | psnmupsveliyannoor@gmail.com |
| ജില്ലാ പഞ്ചായത്ത് | : | തിരുവനന്തപുരം(ആനാട്ഡിവിഷൻ) |
| നിയമസഭാമണ്ഡലം | : | അരുവിക്കര |
| ലോകസഭാമണ്ഡലം | : | ആറ്റിങ്ങൽ |
| താലൂക്ക് | : | നെടുമങ്ങാട് |
| വില്ലേജ് | : | വെള്ളനാട് |
| റവന്യൂ ജില്ല | : | തിരുവനന്തപുരം |
| വിദ്യാഭ്യാസ ജില്ല | : | ആറ്റിങ്ങൽ |
| ഉപജില്ല | : | നെടുമങ്ങാട് |
| ബ്ലോക്ക് പഞ്ചായത്ത് | : | വെള്ളനാട് |
| വാർഡ് | : | വെളിയന്നൂർ |
| ബി ആർ സി | : | നെടുമങ്ങാട് |

# നിലവിൽ വിദ്യാലയം

## മികവുകളും പരിമിതികളും

നിലവിൽ 1-7 ക്ലാസ്സുകളിലായി 198 കുട്ടികളാണ് പഠിക്കുന്നത് പ്രഥമാധ്യാപിക ഉൾപ്പെടെ 10 അധ്യാപകരും ഒരു അനധ്യാപകനും ഉണ്ട്. ഇംഗ്ലീഷ് മലയാളം മീഡിയം ക്ലാസ്സുകൾ വളരെ കാര്യക്ഷമമായി നടന്നു വരുന്നു. സംസ്കൃത ഭാഷയ്ക്ക് പ്രത്യേക പ്രാധാന്യം നൽകി കൊണ്ടുള്ള പഠനം ഈ സ്കൂളിന്റെ മികവുകളിൽ ഒന്നാണ്. SRG മീറ്റിംഗിലൂടെ കൃത്യമായ പ്ലാനിംഗ് നടത്തി പഠനപ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കുന്നു. P.T.A യുടെ ശക്തമായ പിൻതുണ പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകരുന്നു. വെള്ളനാട്, ആര്യനാട് തുടങ്ങിയ വിവിധ പ്രദേശങ്ങളിൽ നിന്നും കുട്ടികളെ സ്കൂളിലേക്ക് എത്തിക്കുന്നതിനായി രണ്ട് വാഹനങ്ങളുടെ സേവനം പ്രയോജനപ്പെടുത്തുന്നു. പോഷകസമ്പുഷ്ടവും സ്വാദിഷ്ടവുമായ ഭക്ഷണം കുട്ടികൾക്ക് നൽകിവരുന്നു. വായന മരിച്ചുകൊണ്ടിരിക്കുന്ന ഇക്കാലത്ത് വായന പ്രോത്സാഹിപ്പിക്കുന്നതിനായി സ്കൂൾ ലൈബ്രറിയുടേയും ക്ലാസ്സ് ലൈബ്രറിയുടെയും പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടന്നുവരുന്നു. പരീക്ഷണ നിരീക്ഷണങ്ങളിലൂടെ കുട്ടിയെ ശാസ്ത്ര അന്വേഷിആക്കുന്ന തരത്തിലുള്ള ലാബ് സജ്ജീകരണങ്ങൾ സ്കൂളിൽ ഉണ്ട്. പഠനത്തിൽ ICT സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി നല്ലൊരു IT ലാബ് സൗകര്യം സ്കൂളിൽ ഉണ്ട്. മാനസികോല്ലാസത്തി

നായി വിശാലമായ കളിസ്ഥലം ഉണ്ടെങ്കിലും കളി ഉപകരണങ്ങളുടെ അപര്യാപ്തതകൊണ്ട് കുട്ടികളുടെ ആവശ്യത്തിന് തികയുന്നില്ല. കോവിഡ് കാലത്തുണ്ടായ പഠന വിടവ് നികത്തുന്നതിനുള്ള പ്രവർത്തനങ്ങൾ സ്കൂൾ തലത്തിൽ നടക്കുന്നുണ്ടെങ്കിലും രക്ഷിതാക്കളുടെ പിന്തുണ കൂടുതൽ ആവശ്യമായിട്ടുണ്ട്. കുട്ടികളുടെ കലാകായിക മേഖലകളിൽ അധ്യാപകരുടെ ഭാഗത്തുനിന്നും പ്രോത്സാഹനം കൊടുക്കുന്നുണ്ടെങ്കിലും പരിശീലനം സിദ്ധിച്ച കലാകായിക അധ്യാപകരുടെ അഭാവം കൂടുതൽ പ്രതിഭകളെ വാർത്തെടുക്കുന്നതിൽ പരിമിതി ആയി അനുഭവപ്പെടുന്നു.

- നമ്മുടെ ക്ലാസ്സ് റൂമുകൾ സ്മാർട്ട് ക്ലാസ്സുകളായിട്ടില്ലാത്തതിനാൽ ക്ലാസ്സ്റൂം പഠനത്തിനൊപ്പമുള്ള ICT പഠനത്തിന് ബുദ്ധിമുട്ടനുഭവപ്പെടുന്നു.
- രക്ഷിതാക്കളുടെ ലഹരി ഉപയോഗവും മൊബൈൽ ഫോൺ ദുരുപയോഗവും കുട്ടികളുടെ മാനസികാരോഗ്യത്തെ ബാധിച്ചിട്ടുണ്ട്
- വിഷയബന്ധിതമായിട്ടുള്ള എല്ലാ പഠന നേട്ടങ്ങളും കുട്ടികളിലേക്ക് എത്തിക്കാൻ ഉതകുന്ന വിധത്തിലുള്ള പഠന പ്രവർത്തനങ്ങൾ ക്ലാസ്സ് തലത്തിൽ നടക്കുന്നുണ്ട്.
- സ്കോളർഷിപ്പുകൾക്കും മത്സരങ്ങൾക്കും വേണ്ട പ്രത്യേക പരിശീലനം നൽകി വരുന്നു

- USS സ്കോളർഷിപ്പ്, സംസ്കൃതം സ്കോളർഷിപ്പ്, തളിര് സ്കോളർഷിപ്പ്, അക്ഷരമുറ്റം ക്വിസ്, ഇൻസ്പെയർ അവാർഡ്, ന്യൂമാത്സ് സ്കോളർഷിപ്പ്, സ്റ്റെപ്സ് സ്കോളർഷിപ്പ്, വിജ്ഞാനോത്സവം, സുഗമ ഹിന്ദി പരീക്ഷ ദിനാചരണവുമായി ബന്ധപ്പെട്ട സബ്ജില്ലാതല മത്സരങ്ങൾ തുടങ്ങിയ നിരവധി മത്സരപരീക്ഷകളിൽ ഒന്നാംസ്ഥാനക്കാരെ സൃഷ്ടിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. വരും വർഷങ്ങളിലേക്ക് വേണ്ട മുന്നൊരുക്കങ്ങൾ നടത്തിവരുന്നു.
- സംസ്കൃതം ഷോർട്ട് ഫിലിം നിർമ്മാണത്തിൽ തുടർച്ചയായി സംസ്ഥാനതല വിജയികളാകാൻ നമുക്ക് സാധിക്കുന്നു.
- കലോത്സവങ്ങളിൽതുടർച്ചയായി സബ്ജില്ലാതലത്തിൽ സംസ്കൃതോത്സവത്തിൽ ഒന്നാംസ്ഥാനം കരസ്ഥമാക്കുന്നതിനും ബാലകലോത്സവത്തിൽ ഉയർന്ന സ്കോറുകളിൽ എത്തുന്നതിനും നമുക്ക് കഴിയുന്നുണ്ട്.
- റവന്യൂ ജില്ലാ കലോത്സവത്തിൽ നിരവധി ഒന്നാം സ്ഥാനങ്ങൾ കൈവരിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.
- ശാസ്ത്ര മേളകളിൽ ഓവറോൾ ട്രോഫി പലതവണ കരസ്ഥമാക്കാൻ കഴിഞ്ഞിട്ടുണ്ട്.
- കുട്ടികളുടെ വ്യക്തി ശുചിത്വത്തിന് പ്രാധാന്യം നൽകികൊണ്ട് സജീകൃതമായ ടോയ്‌ലെറ്റ് സംവിധാനം നമുക്കുണ്ട്. പെൺകുട്ടികളുടെ

ശുചിത്വം ഉറപ്പുവരുത്തുന്നതിനായി ഇൻസിനറേറ്റർ സംവിധാനമുള്ള ശുചിമുറി ഒരുക്കിയിട്ടുണ്ട്.

- ഭിന്നശേഷി കുട്ടികൾക്ക് പഠനത്തിന് പിന്തുണ നൽകുന്നതിനായി BRC യിൽ നിന്നുള്ള അധ്യാപികരുടെ സേവനം ലഭ്യമാക്കുന്നുണ്ട്. അതിനു പുറമേ സ്കൂൾ തലത്തിലുള്ള എല്ലാ പ്രവര്ത്തനങ്ങളിലും ഈ കുട്ടികൾക്ക് വേണ്ട മുൻതൂക്കം നൽകികൊണ്ട് ഇവരെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടർന്നു വരുന്നു.
- സ്കൂൾ സുരക്ഷ ഉറപ്പാക്കുന്നതിനായി സ്കൂൾ സുരക്ഷാ ക്ലബ് രൂപീകരിച്ചിട്ടുണ്ട്.
- സമൂഹത്തിൽ നിന്നുണ്ടാകുന്ന ഭീഷണികളിൽ നിന്ന് കുട്ടികൾക്ക് അതിജീവിക്കുന്നതിനുള്ള ബോധവത്കരണ പരിപാടികൾ സ്കൂൾ തലത്തിൽ നടത്തിവരുന്നു
- വിദ്യാരംഗം, കലാസാഹിത്യവേദി, സയൻസ് ക്ലബ്, ഹെൽത്ത് ക്ലബ്, ഇക്കോ ക്ലബ്, സാമൂഹ്യശ്സ്ത്ര ക്ലബ്, ഗണിത ക്ലബ്, സംസ്കൃതം ക്ലബ്, ഐറ്റി ക്ലബ്, ഇംഗ്ലീഷ് ക്ലബ്, ഗാന്ധി ദർശൻ ക്ലബ്, ഹിന്ദി ക്ലബ്, വർക്ക് എക്സ്പീരിയൻസ് ക്ലബ്, ആർട്സ് ക്ലബ്, സ്പോർട്സ് ക്ലബ്, തുടങ്ങിയ ക്ലബുകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നുണ്ട്.

➢ Scouts and Guides ഈ വർഷം തുടങ്ങുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ട്.

**കുട്ടികളുടെ എണ്ണം**

| വർഷം | കുട്ടികളുടെ എണ്ണം |
|---|---|
| 2018-2019 | 168 |
| 2019-2020 | 183 |
| 2020-2021 | 192 |
| 2021-2022 | 187 |
| 2022-2023 | 196 |
| 2023-2024 | 212 |
| 2024-2025 | 204 |
| 2025-2026 | 198 |

കുട്ടികളുടെ എണ്ണത്തിൽവർധനവുണ്ടാകുന്നുവെങ്കിലും സ്കൂൾ പ്രവർത്തന മികവിനനുസരിച്ച് കുട്ടികളുടെ എണ്ണം വർധിക്കുന്നില്ല. സമീപ പ്രദേശങ്ങളിൽ എൽ.പി, യു.പി, ഹൈസ്കൂൾ അറ്റാച്ച്ഡ് സ്കൂളുകൾഉള്ളതാണ് കുട്ടികളുടെ പ്രതീക്ഷിത വർധനവ് ഇല്ലാത്തതിനു കാരണം. എന്നിരുന്നാലും അത്തരം സ്കൂളുകളിൽ നിന്നും അൺഎയ്ഡഡ് സ്കൂളുകളിൽ നിന്നും ഓരോ വർഷവും എത്തുന്ന കുട്ടികളുടെ വർധനവ് സ്കൂളിന്റെ മികവിന് മകുടോദാഹരണമാണ്.

## അധ്യാപകർ /അനധ്യാപകർ

| നം | അധ്യാപകർ/ അനധ്യാപകർ | തസ്തിക | സ്ഥിരം/ താത്കാലികം |
|---|---|---|---|
| 1 | ശ്രീലേഖ. ജി ആർ | പ്രഥമാധ്യാപിക | സ്ഥിരം |
| 2 | എം.കെ പ്രിയ | UPST | സ്ഥിരം |
| 3 | രമ്യാറാണി വി റ്റി | UPST | സ്ഥിരം |
| 4 | ഗീത ജി ആർ | UPST | സ്ഥിരം |
| 5 | രശ്മിചന്ദ്രൻ | UPST | സ്ഥിരം |
| 6 | എം.എസ് ഉഷ | UPST | സ്ഥിരം |
| 7 | ആദർശ് എം.എം | ഫുൾടൈം സംസ്കൃതം | സ്ഥിരം |
| 8 | ദീപാമോൾ M.J | UPST | പുനർവിന്യാസം |
| 9 | ശ്രീപ്രിയ എസ് | UPST | സ്ഥിരം |
| 10 | അനു ആർ.വി | ഓഫീസ് അറ്റൻഡന്റ് | സ്ഥിരം |
| 11 | അഞ്ജലി എസ്.എം | UPST | സ്ഥിരം |

വിഷയാധിഷ്ഠിതമായി പരിശീലനം ലഭിച്ച അധ്യാപകർ, ജ്ഞാനനിർമ്മിതിയിൽ അധിഷ്ഠിതമായ പഠനപ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ച് ക്ലാസ്സിൽ നടപ്പിലാക്കി വരുന്നു. അപ്പോഴും ഐ റ്റി അധിഷ്ഠിതമായ പഠന തന്ത്രങ്ങൾ ഭൗതിക സാഹചര്യങ്ങളുടെ കുറവുകൊണ്ട് ക്ലാസ്റൂമുകളിൽ നടപ്പിലാക്കാൻ കഴിയുന്നില്ല എന്നത് ഒരു പരിമിതി തന്നെയാണെന്ന് ഞങ്ങൾ തിരിച്ചറിയുന്നു.

## പൊതുലക്ഷ്യങ്ങൾ

- എല്ലാ കുട്ടികളെയും മാതൃഭാഷ എഴുതാനും വായിക്കാനും പ്രാപ്തരാക്കുക .
- വായനാകുറിപ്പ് തയ്യാറാക്കുന്നതിൽ മികവ് പുലർത്തുക
- ദൈനംദിന സംഭവങ്ങൾ വൈകാരികമായി രേഖപ്പെടുത്തുന്നതിൽ മികവ് പുലർത്തുക
- രചനാവൈഭവം വളർത്തുക
- Develop interest in writing review of books
- Enable the children to read and write
- Retold stories
- സ്ഫുടതയോടും ആശയവ്യക്തതയോടും സംഭാഷണങ്ങളിൽ ഏർപ്പെടുക
- ഹിന്ദിയിൽ എഴുതാനും വായിക്കാനും മുഴുവൻ കുട്ടികളേയും പ്രാപ്തരാക്കുക
- ഹിന്ദിയിൽ കത്തെഴുതാൻ പ്രാപ്തിനേടുക
- എല്ലാ കുട്ടികളിലും ചതുഷ്ക്രിയ ഉറപ്പാക്കുക
- കളം സാധ്യതകൾ പരമാവധി ഉപയോഗിച്ച് ഗണിതപഠനം ലളിതമാണെന്ന് കുട്ടിയെ ബോധ്യപ്പെടുത്തുക

- ❖ സ്ഥാനവില കൃത്യമായി കുട്ടികൾ തിരിച്ചറിയുക
- ❖ ഭിന്നസംഖ്യ എന്ന ആശയം തിരിച്ചറിഞ്ഞ് ഉറപ്പാക്കുക
- ❖ ഭൂഖണ്ഡങ്ങൾ തിരിച്ചറിയുക
- ❖ കേരളത്തിന്റെ സവിശേഷമായ ഭൂപ്രകൃതി തിരിച്ചറിയുക
- ❖ ചരിത്ര രചനയ്ക്ക് കുട്ടികളെ പ്രാപ്തരാക്കുക
- ❖ സാമൂഹിക പ്രശ്നങ്ങളെ കാര്യക്ഷമമായി അഭിമുഖീകരിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക
- ❖ കുട്ടികളിൽ ദേശീയബോധം വളർത്തുക
- ❖ പരീക്ഷണങ്ങൾ കൃത്യതയോടെ ആസൂത്രണം ചെയ്യാൻ പ്രാപ്തരാക്കുക
- ❖ ജൈവവൈവിധ്യ ഉദ്യാനം വിവിധ വിഷയങ്ങളുടെ പഠനത്തിനായി ഉപയോഗപ്പെടുത്തുന്നു.
- ❖ ഒരു പ്രശ്നം കൃത്യതയോടെ വിശകലനം ചെയ്ത് പരിഹരിക്കാൻ കഴിയുക
- ❖ വാനനിരീക്ഷണത്തിലൂടെ നക്ഷത്രസമൂഹങ്ങളെ തിരിച്ചറിയുക

## നിലവിലെ അവസ്ഥ

| Class | Boys | Girls | Total |
|---|---|---|---|
| V | 33 | 36 | 69 |
| VI | 230 | 31 | 54 |
| VII | 32 | 43 | 75 |
| Total | 98 | 110 | 198 |

**ഭിന്നശേഷിക്കാർ** - Boys 1 Girls 1

പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന പഠനശേഷികളാണ് ഓരോ കുട്ടിയിലും ഓരോ പാഠ്യവിഷയവുമായി ബന്ധപ്പെട്ട് ഉണ്ടാകേണ്ടത്. കൂടുതൽ ഫലപ്രാപ്തി ഉണ്ടാകേണ്ടതും വൈവിധ്യ പൂർണ്ണവുമായ പഠനതന്ത്രങ്ങൾ ആവിഷ്ക്കരിക്കുന്നതു വഴി വിവിധ രീതിയിൽ അറിവും കഴിവും ആർജിക്കുന്നതിനുള്ള കഴിവുകൾ വിദ്യാർത്ഥികൾ നേടുന്നു. ഏതു രീതിയിലും അറിവ് ആർജിക്കാൻ കഴിവുള്ള കുട്ടികളെയാണ് നാം നിലവാരമുള്ളവരായി കാണേണ്ടത്. വ്യത്യസ്ത രീതിയിൽ വിവരങ്ങൾ ശേഖരിക്കാനും പാകപ്പെടുത്താനും അപഗ്രഥിക്കാനും ആശയവിനിമയം നടത്താനും കുട്ടി കഴിവ് നേടണം.

കുട്ടികളുടെ പഠനശൈലി വ്യാപ്തമാണ്. ഒരാൾ പഠിക്കുന്ന രീതിയാവില്ല മറ്റൊരാൾക്ക് , ബഹുമുഖ നിപുണി വികാസത്തിനും അനുപേക്ഷണീയമായ

രീതിയിൽ ക്ലാസ്സ് റൂം പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുക എന്നുള്ളതാണ് അധ്യാപകരെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ട കാര്യം.

നിരീക്ഷണം, പരീക്ഷണം, സെമിനാർ, ലൈബ്രറി ഉപയോഗപ്പെടുത്തൽ, അഭിമുഖങ്ങൾ, ഫീൽഡ് ട്രിപ്പ്, പ്രകൃതിയെ നിരീക്ഷിക്കൽ, കായിക വിനോദങ്ങൾ, സർവ്വെ, അതിഥി ക്ലാസ്സുകൾ സംഘടിപ്പിക്കുക, ഭാഷാവിഷയങ്ങളെ സംബന്ധിച്ചിടത്തോളം സ്കിറ്റ്, റോൾപ്ലേ, കോറിയോഗ്രാഫി, പാവനാടകങ്ങൾ തുടങ്ങിക്ലാസ്സ് റൂം പഠനത്തിനപ്പുറം കുട്ടികളിൽ സർഗ്ഗവാസന ഉണർത്തുന്ന രീതിയിൽ മികവുറ്റ പ്രവർത്തനങ്ങൾ നടത്താൻ കഴിയും.

ഇതുമായി ബന്ധപ്പെട്ട് ഒരു അക്കാദമിക വർഷത്തേക്കുള്ള ഓരോ ക്ലാസ്സിലും വ്യക്തമായ രൂപരേഖ തയ്യാറാക്കി അക്കാദമിക കാര്യങ്ങൾ വളരെ മെച്ചപ്പെട്ട രീതിയിൽ മുന്നോട്ടു കൊണ്ടുപോകാൻ കഴിയും

ചെക്ക് ലിസ്റ്റ്

ക്ലാസ്സ്

വിഷയം

| പഠനതന്ത്രങ്ങളുടെ പേര് | പ്രയോജനപ്പെടുത്തിയമാസം | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | ജൂൺ | ജൂലൈ | ആഗസ്റ്റ് | സെപ്തംബർ | ഒക്ടോബർ | നവംബർ | ഡിസംബർ | 1 | 2 | 3 |
| | | | | | | | | | | |

ഭാഷാ പഠനപ്രവർത്തനങ്ങൾ ക്ലാസ്സ് മുറികളിൽ പൊതുവിൽ നൽകുമ്പോഴും എഴുത്തിലും വായനയിലും പിന്നോക്കം പോകുന്ന കുട്ടികൾ ഇപ്പോഴും നില നിൽക്കുന്നു എന്നതാണ് സത്യം. ഇത്തരം വിദ്യാർത്ഥികൾക്ക് ക്ലാസ്സ് റൂം പഠ നത്തോടൊപ്പം അധിക പ്രവർത്തനങ്ങൾ നൽകേണ്ടി വരുമ്പോൾ അത് ക്ലാസ്സ് റൂം പ്രവർത്തനങ്ങളെ ബാധിക്കാത്ത തരത്തിൽ രൂപപ്പെടുത്തി എടുക്കേ ണ്ടത് നമ്മുടെ കടമയാണ്.

നമ്മൾ ലക്ഷ്യം വയ്ക്കുന്ന കുട്ടികളുടെ രക്ഷിതാക്കളെ അറിയിച്ച് നൽകാൻ പോകുന്ന പ്രവർത്തനങ്ങളുടെ മുന്നറിയിപ്പ് നൽകുന്നു. തുടർ പ്രവർത്തനങ്ങളിൽ രക്ഷകർത്താക്കളുടെ മികച്ച രീതിയിലുള്ള ഇടപെടലു

കൾ നടത്തി ഈ വിദ്യാർത്ഥികളെയും സാധാരണ ക്ലാസ്സ് റൂം പ്രവർത്തനങ്ങളിലേക്ക് എത്തിക്കുന്നു. ഭാഷയുടെ അടിസ്ഥാന ശേഷികൾ ഊന്നി ആശയങ്ങൾ ക്രമാനുഗതമായും ഉചിതമായും ശബ്ദക്രമീകരണത്തോടെ വാചികമായി പ്രകടിപ്പിക്കാനും ആശയങ്ങൾ രൂപപ്പെടുത്താനും കുട്ടി പ്രാപ്തനാകുന്നതു വരെ നിരന്തരം പ്രവർത്തനങ്ങൾനൽകുക എന്നതാണ് ലക്ഷ്യം.

## ശാസ്ത്ര പ്രവർത്തനങ്ങൾ

പാഠ പുസ്തകത്തിനപ്പുറത്തെ അന്വേഷണങ്ങളിലേക്ക് വളരത്തക്കവിധം കുട്ടികളുടെ കൗതുകത്തെ പോഷിപ്പിക്കുന്നതിനാണ് ശാസ്ത്ര ക്ലാസ്സുകളിൽ മുൻഗണന നൽകുന്നത്.

❖ ഓരോ കുട്ടിയുടേയും മുൻധാരണയും അറിവിന്റെ തലവും പരിഗണിച്ച് സ്വാഭാവിക പഠനാന്തരീക്ഷം സൃഷ്ടിക്കാനുള്ള പ്രവർത്തനങ്ങളിലൂടെ ശാസ്ത്രപഠനം മികവുറ്റതാകുന്നു.

## പ്രവർത്തനങ്ങൾ

### ലക്ഷ്യങ്ങൾ

- കുട്ടിയിൽ ആത്മവിശ്വാസം വളർത്തുന്നു
- അന്വേഷണാത്മകത പ്രോത്സാഹിപ്പിക്കുന്നു
- ശാസ്ത്ര പരീക്ഷണങ്ങളിലേർപ്പെടുന്നു
- തനിക്ക് ചുറ്റുമുള്ള അനുഭവങ്ങൾ, സംഭവങ്ങൾ പ്രതിഭാസങ്ങളിലെ ശാസ്ത്രീയത എന്നിവ മനസ്സിലാക്കുന്നു
- പഠന നേട്ടങ്ങളുമായി ബന്ധപ്പെട്ട് പ്രക്രിയാ ശേഷി വളർത്തുന്ന

- ലിറ്റ്മസ് പേപ്പർ നിർമ്മാണം
- പൂക്കൾ
- താപ പ്രേക്ഷണം
- മണ്ണിനെ അറിയാം (പ്രോജക്ട്)
- ശാസ്ത്ര നാടകങ്ങൾ
- ശാസ്ത്ര പഠനം കലണ്ടർ

## സാമൂഹ്യ ശാസ്ത്ര പഠനം- അധിക പ്രവർത്തനങ്ങൾ

സമൂഹത്തെ മെച്ചപ്പെടുത്താൻ കൂട്ടായ പരിശ്രമത്തിൽ തന്റെ പങ്കു തിരിച്ചറിഞ്ഞു പ്രവർത്തിക്കാൻ കുട്ടികളെ പ്രാപ്തരക്കേണ്ടതുണ്ട്. ജനാധിപത്യബോധം മതനിരപേക്ഷത, ദേശീയബോധം, സഹിഷ്ണുത, സഹകരണ മനോഭാവം, സംഘബോധം, പ്രതികരണശേഷി തുടങ്ങിയ മൂല്യങ്ങൾ കുട്ടികളിൽ വളർത്തിയെടുക്കാൻ സാമൂഹ്യശാസ്ത്ര പഠനംകൊണ്ട് സാധിക്കണം എന്നതിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തന ഫോർമാറ്റ്.

# പ്രവർത്തന കലണ്ടർ

| ക്രമനമ്പർ | മാസം | പ്രവർത്തനത്തിന്റെ പേര് |
|---|---|---|
| 1 | ജൂൺ | അച്ചുതണ്ടിന്റെ ചരിവും, ഋതുഭേദങ്ങളും |
| 2 | ജൂലൈ | പത്രം, ചന്ദ്രയാൻ |
| 3 | ആഗസ്റ്റ് | സർവ്വെ, ഉപഭോഗശീലം |
| 4 | സെപ്റ്റംബർ | എന്റെ നിഴൽ |
| 5 | ഒക്ടോബർ | നവോത്ഥാനം |
| 6 | നവംബർ | കടമകൾ പ്രവൃത്തി പഥത്തിൽ |
| 7 | ഡിസംബർ | വരൂ ലോകകപ്പ് കാണാം |
| 8 | ജനുവരി | മോഡൽ പാർലമെന്റ് |
| 9 | ഫെബ്രുവരി | ലിംഗനീതി നേരിടുന്ന സമൂഹം |
| 10 | മാർച്ച് | ഡോക്യുമെന്ററി നിർമ്മാണം |

# സയൻസ്

| ക്രമനമ്പർ | മാസം | പ്രവർത്തനങ്ങൾ |
|---|---|---|
| 1 | ജൂൺ | മഴയും തോതും |
| 2 | ജൂലൈ | ആകാശ വിസമയങ്ങൾ |
| 3 | ആഗസ്റ്റ് | മാലിന്യ സംസ്കരണം |
| 4 | സെപ്റ്റംബർ | ഭക്ഷണത്തിലെ രസതന്ത്രം |

| | | |
|---|---|---|
| 5 | ഒക്ടോബർ | വന്യജീവി, ബഹിരാകാശ വാരാഘോഷം |
| 6 | നവംബർ | ഊർജ്ജസംരക്ഷണം |
| 7 | ഡിസംബർ | ഗ്രഹണത്തെ വരവേൽക്കാം |
| 8 | ജനുവരി | ശാസ്ത്രരംഗത്ത് ഇന്ത്യ |
| 9 | ഫെബ്രുവരി | ശാസ്ത്രമാസം |
| 10 | മാർച്ച് | കൈയ്യിൽ നിന്നും രക്തം |

## ഗണിതം

നൂതനമായ ഗണിത ശാസ്ത്ര സമീപനത്തിലൂടെ ഗണിതത്തെ കൂടുതൽ ആകർഷകമാക്കാൻ കഴിയുന്ന പ്രവർത്തനങ്ങളിലൂടെ ഗണിതത്തെ ആസ്വാദ്യമായ രീതിയിൽ അതരിപ്പിക്കാം. ഗണിതത്തെ ഇഷ്ടവിഷയമാക്കണം. ഗണിതപഠനം ഫലപ്രദമാക്കാൻവേണ്ടുന്ന രീതിയിൽ പ്രവർത്തനങ്ങൾക്ക് അവസരം നൽകാം. പഠനോപകരണങ്ങളുടെ ഉപയോഗവും കുട്ടികൾക്ക് ഗണിതത്തോട് താൽപര്യമുണ്ടാക്കും.ഗണിത ലാബ് ഫലപ്രദമായി ഉപയോഗപ്പെടുത്തണം. പലകാരണങ്ങളാലും ഇനിയും ഗണിതപഠനം കീറാമുട്ടിയായി നിലനിൽക്കുന്നുണ്ട്.ആധുനിക സാങ്കേതിക വിദ്യാധിഷ്ഠിതവും വിദ്യാർത്ഥി സൗഹൃദവുമായ ക്ലാസ്സ്മുറികൾ

| മാസം | പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ |
|---|---|---|
| ജൂലൈ | കരുതിവയ്ക്കാം ജലം പാരിസ്ഥിതിക ബോധം | • ക്ലാസ്സ് റൂം ചർച്ച<br>• വ്യക്തിഗത പ്രശ്നപരിഹരണം<br>• റിപ്പോർട്ട് തയ്യാറാക്കൽ<br>• അവതരണം<br>• സർവ്വെ<br>• വിശകലനം<br>• റിപ്പോർട്ട് ചയ്യാറാക്കൽ<br>• അവതരണം |
| ആഗസ്റ്റ് | പരിസ്ഥിതിയുടെ കാവലാൾ | • വിവര ശേഖരണം<br>• ക്രോഡീകരണം<br>• റിപ്പോർട്ട് തയ്യാറാക്കൽ<br>• അവതരണം |
| സെപ്റ്റംബർ | ചെലവുകൾ നിയന്ത്രിക്കാം | • വിവര ശേഖരണം<br>• ചർച്ച<br>• ക്രോഡീകരണം<br>• റിപ്പോർട്ട് തയ്യാറാക്കൽ<br>• അവതരണം |
| ഒക്ടോബർ | കൽപ്പണിയിലും ജ്യാമിതി | • തൊഴിലിടങ്ങൾ സന്ദർശിക്കൽ<br>• വിവരശേഖരണം<br>• ഉപകരണങ്ങൾ തയ്യാറാക്കൽ<br>• ഉപകരണങ്ങൾ ഉപയോഗിക്കൽ<br>• റിപ്പോർട്ട് തയ്യാറാക്കൽ<br>• അവതരണം<br>• മൊത്തം പ്രക്രിയ വിഡീയോ<br>• ഡോക്യുമെന്റ് പ്രദർശനം |
| നവംബർ | മരപ്പണിയിലെ കണക്ക് | • തൊഴിൽശാല സന്ദർശിക്കൽ<br>• റിപ്പോർട്ട് തയ്യാറാക്കൽ<br>• അവതരണം |
| ഡിസംബർ | ബലം നൽകാം | • നിർമ്മാണം<br>• പരീക്ഷണം |

| | | |
|---|---|---|
| | | • പ്രശ്നപരിഹാരം<br>• വിവരശേഖരണം<br>• റിപ്പോർട്ട് തയ്യാറാക്കൽ<br>• അവതരിപ്പിക്കൽ |
| ജനുവരി | വട്ടക്കിണർ | • നിർമ്മാണം<br>• പരീക്ഷണം<br>• പ്രശ്നപരിഹാരം<br>• നിഗമനം രൂപീകരിക്കൽ<br>• വിവരശേഖരണം<br>• നിത്യജീവിതവുമായി ബന്ധപ്പെ<br>• ട്ട സന്ദർശനങ്ങൾ കണ്ടെത്തൽ |
| ഫെബ്രുവരി | ഞാൻ വരച്ച പ്ലാൻ | • അളക്കൽ, നിഗമനം<br>• പ്രശ്നപരിഹാരം, സെമിനാർ<br>• വിശകലനം ചെയ്യൽ<br>• താരതമ്യം ചെയ്യൽ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ - അറബി

ആമുഖം :-

അന്താരാഷ്ട്രീയ രംഗത്ത് ഇംഗ്ലീഷിനൊപ്പം നിൽക്കുന്നതും ലോകഭാഷകളിൽ മൂന്നാം സ്ഥാനം അലങ്കരിക്കുന്നതുമായ ഭാഷയാണ് അറബി. നമ്മുടെ രാജ്യത്തിന് ഒട്ടനവധി സംഭാവനകൾ നൽകിയിട്ടുള്ള വൈദേശിക ഭാഷകളിൽ ശ്രേഷ്ഠമായ ഭാഷ.

പ്രാചീന സെമറ്റിക് ഭാഷാകുടുംബത്തിൽ ഇന്നും സജീവമായി നിലനിൽക്കുന്ന ഏകഭാഷ അറബിയാണ്. സമ്പന്നമായ കലാസാഹിത്യപാരമ്പര്യങ്ങളാലും ഈ ഭാഷ അനുഗ്രഹീതമാണ്. നോബൽ പുരസ്കാര-ജേതാവാണ് അറബി സാഹിത്യകാരനായ Dr നജീബ്-മഹ്ഫൂസ് കുമാരനാശാന്റെ 'വീണപൂവ്', ശ്രീനാരായണ-ഗുരുവിന്റെ "ദൈവദശകം", തകഴിയുടെ "ചെമ്മീൻ" തുടങ്ങിയവ അറബിഭാഷയിലും നമുക്ക് ലഭ്യമാണ്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
| --- | --- | --- | --- |
| • അറബി ഭാഷാ പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും നേടുക. ഭാഷയിലെ അടിസ്ഥാനപരമായ അക്ഷരങ്ങൾ ഉച്ചരിക്കുമ്പോഴും എഴുതുമ്പോഴും വിന്യാസം മനസ്സിലാക്കി കൃത്യമായി ഉപയോഗിക്കാൻ സാധിക്കുകയും ഉറപ്പുവരുത്തുകയും ചെയ്യുക. | **കൈത്താങ്ങ്**<br>ടെസ്റ്റ് നടത്തി ഭാഷാപഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു. അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്നവർക്കുവേണ്ടി പ്രത്യേകം തയ്യാറാക്കിയ കാർഡുകൾ നൽകുന്നു. നിറം നൽകാൻ പോലുള്ള പ്രവർത്തനങ്ങൾ സ്കൂളിലെ സ്മാർട്ട് റൂമുകൾ ഉപയോഗിച്ച് ഗെയിമുകൾ, ഫ്ലാഷ്കാർഡുകൾ പോലുള്ള പ്രവർത്തനങ്ങൾ ചെയ്യിപ്പിക്കുന്നു. | മൂന്ന്മാസം | പുസ്തകങ്ങൾ, കാർഡുകൾ |
| അറബി ഭാഷാ ശേഷി വർദ്ധിപ്പിക്കുക. പദസമ്പത്ത് അധികരിപ്പിക്കുക | **പുതിയ പദം പരിചയപ്പെടൽ**<br>ആഴ്ചയിലൊരിക്കൽ പാഠപുസ്തകത്തിലുള്ള വാക്കുകൾക്കും പദങ്ങൾക്കും പുറമെ അറബി വാക്കുകൾ കണ്ടെത്തി ശേഖരിക്കാൻ സാഹചര്യമൊരുക്കുന്നു. ലഘുസംഭാഷണങ്ങൾ പാഠഭാഗങ്ങൾ ചിന്തിക്കുന്ന രീതിയിലുള്ള അവതരണത്തിന് പ്രാമുഖ്യമാക്കി, നിത്യജീവിതത്തിൽ ദൈനംദിന കാര്യങ്ങളിൽ ഉപയോഗിക്കുന്ന വാക്കുകൾ പരിശീലിപ്പിക്കുകയും ചെയ്യുന്നു. | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ, കാർഡുകൾ, സിഡികൾ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
|---|---|---|---|
| കുട്ടികളുടെ സർഗാത്മകത വർദ്ധിപ്പിക്കുക. | ചിത്രങ്ങൾ, ചെറു കവിതകൾ, കഥകൾ, സംഭാഷണങ്ങൾ, പദപ്രശ്നം, കുറിപ്പുകൾ തുടങ്ങിയവ ഉൾക്കൊള്ളുന്ന കയ്യെഴുത്ത് മാസികകൾ ഓരോ കുട്ടിയും തയ്യാറാക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ, ചാർട്ടുകൾ |
| ഓരോ മാസവും കുട്ടികൾ വായനാതലം ഉയർത്തുകയും ഭാഷാശേഷി വർദ്ധിപ്പിക്കുകയും ചെയ്യുക. | മാസത്തിലൊരിക്കൽ ക്ലാസ് തലത്തിൽ വായനാമത്സരം, കയ്യെഴുത്ത് മത്സരം തുടങ്ങിയവ നടത്തി സമ്മാനം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ചാർട്ടുകൾ, പുസ്തകങ്ങൾ. |
| മലയാളി ഭാഷാ ആശയങ്ങളുടെ ഉള്ളടക്കങ്ങളുടെ അർത്ഥബോധത്തോടെ കുട്ടികളിലേക്ക് എത്തിക്കുക. | യൂണിറ്റ് തല നിഘണ്ടു നിർമ്മാണം<br>ഓരോ യൂണിറ്റ് പാഠത്തിൽ വാക്കുകൾ അർത്ഥസഹിതം എഴുതുകയും അവസാനം ചേർത്ത്, പിഡിഎഫ് രൂപത്തിൽ കുട്ടികൾക്ക് നൽകുന്നു. | 6 മാസം | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സന്നാഹം |
|---|---|---|---|
| കുട്ടികൾക്ക് കലാപരിപാടികൾ അവതരിപ്പിക്കുന്നതിനും അവരുടെ ശേഷികൾ കണ്ടെത്തുന്നതിനുമായി | സ്കൂൾ റേഡിയോ<br>കഥ, പ്രസംഗം, ഗാനം, വാർത്തകൾ അവതരിപ്പിക്കുന്നു. | ഒരുവർഷം | |
| അറബിഭാഷയിൽ വിദ്യാർത്ഥികൾക്ക് വിജ്ഞാന മേഖലയിൽ കൂടുതൽ കഴിവ് വളർത്തുന്നതിന് വേണ്ടി | അറബിക് സ്പെല്ലിംഗ് പരിശീലനം നൽകുന്നു. അക്ഷരങ്ങൾ, വാക്കുകൾ എന്നിവയെഴുതുന്നത് കുട്ടികൾക്ക് പഠിപ്പിക്കുന്നു. | 6 മാസം | ലാപ്ടോപ്പ്, കമ്പ്യൂട്ടർ കമ്പ്യൂട്ടർ ലാബ് സൗകര്യങ്ങൾ ഉപയോഗിക്കുന്നു |
| വിശേഷദിനങ്ങളെ കുറിച്ചുള്ള ബോധവത്കരണം | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പതിപ്പുകൾ ഉണ്ടാക്കുകയും, ക്വിസ് മത്സരം, പോസ്റ്റർ മത്സരം എന്നിവ സംഘടിപ്പിക്കുകയും ചെയ്യുക. | ജൂൺ മുതൽ മാർച്ച് വരെ | അസംബ്ലി, ചാർട്ടുകൾ |
| കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷ പഠനനേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പ് വരുത്തുക. | | | |

# ആധുനിക സാങ്കേതിക വിദ്യാധിഷ്ഠിതവും വിദ്യാർത്ഥി സൗഹൃദവുമായ ക്ലാസ് മുറികൾ

- പഠനത്തെ സംബന്ധിച്ച വിദ്യാലയത്തിന്റെ കാഴ്ചപ്പാടിനെ പ്രതിഫലിപ്പിക്കുന്നതാകണം ക്ലാസ്റൂം രൂപകല്പന
- മൾട്ടി മീഡിയ സൗകര്യം എല്ലാ ക്ലാസ്സ്റൂമുകളിലും എൽസിഡി പ്രൊജക്ടർ, ഇന്ററാക്ടീവ് ബോർഡ്, വൈഫൈ സൗകര്യം, പ്രവർത്തനങ്ങൾ റിക്കാർഡ് ചെയ്യുന്നതിനുള്ള സംവിധാനം. വിഡിയോ കോൺഫറൻസിംഗിനു കൂടി വഴങ്ങുന്ന ക്രമീകരണങ്ങൾ, സൗണ്ട്സിസ്റ്റം
- ആരും പിന്നിലല്ല എന്ന സമീപനത്തെ വിളംബരം ചെയ്യുന്നതാകണം ക്ലാസ്സ് റൂം ലേഔട്ട്. പിന്നിൽ പിന്നിലായി നിരകൾ വരും വിധം കുട്ടികളുടെ ഇരിപ്പിടങ്ങൾ ക്രമീകരിക്കില്ല. പഠനസംഘങ്ങൾ എന്ന നിലയിൽ ചെറുമേശയ്ക്ക് ചുറ്റും ഇരിക്കുന്ന രീതി സ്വീകരിക്കണം. ഒരു നിശ്ചിത സ്ഥലത്തേക്ക് അധ്യാപിക നിൽക്കുന്നതിന് നിർബന്ധിക്കാത്തതാകണം ക്ലാസ് ക്രമീകരണം. വശഭിത്തികളിൽ ലൈറ്റ് ബോർഡുകൾ വേണം
- ശബ്ദ സുഖം നൽകുന്ന ആന്തരിക ക്രമീകരണം ഓരോ ക്ലാസിലും അനിവാര്യം. പ്രതിധ്വനി, ശബ്ദ നിയന്ത്രണ സംവിധാനം, കോളർ

മൈക്കിലൂടെ സംസാരിച്ച് എല്ലാവർക്കും അധ്യാപിക പറയുന്നത് വ്യക്തമായി കേൾക്കാനുള്ള സംവിധാനം

- പ്രഭാഷണാധിഷ്ഠിത പഠനരീതിയെ പ്രോത്സാഹിപ്പിക്കുന്ന പ്ലാറ്റ്ഫോമുകളും സ്ഥിരമായി ഫിറ്റ് ചെയ്ത ഇരിപ്പിടങ്ങളും പാടില്ല.
- ഓരോ ക്ലാസ് മുറിയുടെയും പുറത്ത് ക്ലാസ്സ് മികവുകൾ കുട്ടികളുടെ ഉല്പന്നങ്ങൾ, അറിയിപ്പുകൾ, സർഗാത്മക സൃഷ്ടികൾ എന്നിവ പ്രോത്സാഹിപ്പിക്കാനുള്ള ബുള്ളറ്റിൻ ബോർഡുകൾ.
- സ്മാർട്ട് ക്ലാസ്റൂം
- ക്ലാസ് റൂം ലൈബ്രറി
- കുട്ടികൾക്ക് സ്വതന്ത്രമായി സഞ്ചരിക്കുന്നതിനും ഒറ്റയ്ക്കും കൂട്ടമായും അവതരണങ്ങളുടെ രംഗാവിഷ്കാരങ്ങളും നടത്തുന്നതിനും ആവശ്യമായ സ്ഥലലഭ്യത
- ചിലന്തി വല ഇല്ലാത്തതും വെളിച്ചം പ്രതിഫലിപ്പിക്കുന്നതും ചോരാത്തതുമായ മേൽക്കൂര
- ക്ലാസുകളിൽ പഠനനേട്ടങ്ങളും പ്രദർശനചാർട്ടും

## അദ്ധ്യാപക രക്ഷകർതൃസമിതി

പി ടി എ കമ്മിറ്റിക്ക് വിദ്യാലയത്തിന്റെ സമഗ്ര വികസനത്തിനും മുന്നിട്ട് നിൽക്കാൻ കഴിയുന്നുണ്ട്. സ്കൂളിന്റെ ദൈനംദിന പ്രവർത്തനങ്ങളിൽ സഹായിക്കുന്നു. വിദ്യാലയത്തിന്റെ അച്ചടക്കം.ഉച്ചഭക്ഷണ വിതരണം, ലഹരി വിമുക്തവും പരിസ്ഥിതി സൗഹൃദവുമായ അന്തരീക്ഷം ഒരുക്കൽ, വാർഷികം, തുടങ്ങിയവ പി ടി എയ്ക്ക് ചെയ്യാനും കഴിയും.

## പൂർവ്വ വിദ്യാർത്ഥിസംഘടന

വിദ്യാലയ വികസന സമിതി. പി ടി എ എന്നിവ സംയുക്തമായി തയ്യാറാക്കുന്ന വിദ്യാലയ വികസന പരിപാടികൾ ഏറ്റെടുക്കാൻ കഴിയുന്ന തരത്തിലായിരിക്കുന്നു പൂർവ്വ വിദ്യാർത്ഥി സംഘടന. നൂതന മായ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നതിനും സന്നദ്ധ പ്രവർത്തന ങ്ങൾ നടത്തുന്നതിനും ഈ കൂട്ടായ്മയ്ക്കും കഴിയണം. വ്യക്തിത്വ വികസന ക്യാമ്പുകൾ, സമൂഹത്തിന്റെ വിവിധ തുറകളിലുള്ള പ്രഗത്ഭരെ വിദ്യാലയവുമായി ബന്ധിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളും ഏറ്റെടുക്കാവുന്നതാണ്.

ഇത്തരത്തിൽ വിദ്യാലയത്തിന്റെ സമഗ്ര വികസനത്തിനുതകുന്ന തരത്തിലുള്ള ഒരു അക്കാദമിക മാസ്റ്റർ പ്ലാൻ 'പ്രയാണം 2025-26' സമർപ്പിക്കുന്നു.